Talented Bankers Literary Panel
പുസ്തക പരിചയം 251

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കൊല്ലം ശാഖ.

ശ്രുതിഭംഗം
ജി വിവേകാനന്ദൻ.

കഥയെക്കുറിച്ച് പറയുന്നതിനു മുമ്പ് കഥാകൃത്തിനെ ഒന്ന് പരിചയപ്പെടാം...
G വിവേകാനന്ദൻ ജീവിതകാലഘട്ടം 1923 മുതൽ 1999 വരെ . പട്ടാളക്കാരൻ മുതൽ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ മാനേജിങ് ഡയറക്ടർ വരെയുള്ള വിവിധ ജോലികൾ ചെയ്തിട്ടുണ്ട് . മലയാളത്തിലെ ആദ്യ ഓർവ്വോ കളർ ചിത്രമായ കള്ളിച്ചെല്ലമ്മ ഉൾപ്പെടെ നിരവധി സിനിമകളുടെ കഥ / തിരക്കഥാകൃത്ത്. സാഹിത്യത്തിന് സംഭാവനയായി 20 നോവലുകൾ 15 കഥാസമാഹാരങ്ങൾ ആറു നാടകങ്ങൾ. 1986 ശ്രീ വിവേകാനന്ദന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച നോവലാണ് ശ്രുതിഭംഗം.

ആമുഖമായി ഇത്രയും കുറിച്ചത് പാർശ്വവൽക്കരിക്കപ്പെട്ട വ്യക്തികളുടെയും ജീവിതങ്ങളുടെയും കഥപറഞ്ഞ ഈ കഥാകാരൻ പിൽക്കാലത്ത് അധികം വായിക്കപ്പെടാതെ പോയോ എന്ന സംശയത്തിലാണ്.

ശ്രുതിഭംഗം എന്നത് 15 വയസ്സിന് താഴെ മാത്രം പ്രായമുള്ള ഒരു കുട്ടിയുടെ വളരെ കുറച്ചുകാലത്തെ ജീവിതത്തെ കേന്ദ്രീകരിച്ച് എഴുതിയ നോവലാണ്. തിരക്കഥാകൃത്ത് ആയതിനാലാവാം കഥയെ വർത്തമാനകാലത്തിൽ കൂടെയും ഫ്ലാഷ് ബാക്ക് എന്നപോലെ ഭൂതകാലത്തിലേക്കും അവിടെ നിന്നു തിരിച്ചും അനായാസം കൊണ്ടെത്തിച്ച് കഥപറയുന്നു.

ജനിക്കുന്നതിനു മുൻപേ അച്ഛൻ മരിച്ചുപോയ വേണു എന്ന് ഒരു കുട്ടിയാണ് ഇതിലെ പ്രധാന കഥാപാത്രം .

വേണുവിന്റെ അമ്മ നാട്ടിൻ പുറത്തു നിന്നും സർക്കാർ ജോലി കിട്ടി നഗരത്തിലേക്ക് വന്നു ചേർന്നതായിരുന്നു. അവളുടെ മേലുദ്യോഗസ്ഥന് ഒരു അസുഖം വന്നപ്പോൾ സഹായത്തിനായി ആശുപത്രിയിലേക്ക് പോയതാണ് .രോഗം കഠിനമായതിനാലും അദ്ദേഹത്തിന് മറ്റു ബന്ധുക്കൾ ആരുമില്ലാത്തതിനാലും അദ്ദേഹത്തെ സുശ്രൂക്ഷിക്കാൻ വേണ്ടി ആശുപത്രിയിൽ കുറച്ചുനാൾ താമസിക്കേണ്ടി വന്നു.അവർ രണ്ടുപേരും കല്യാണം കഴിക്കാത്തതിനാലാവാം ആശുപത്രി ജീവിതം അവരെക്കുറിച്ചുള്ള അപവാദ പ്രചാരണങ്ങൾക്ക് കാരണമായി. അങ്ങനെ അവർക്ക് കല്യാണം കഴിക്കേണ്ടി വന്നു . അതീവ ഗുരുതരാവസ്ഥയിൽ ഉള്ള അദ്ദേഹത്തോട് വളരെ ശ്രദ്ധിക്കണം എന്ന് ഡോക്ടർ പറഞ്ഞു എങ്കിലും അദ്ദേഹം അത് അത്ര കാര്യമാക്കിയിരുന്നില്ല. ഒരു യാത്രയ്ക്കിടയിൽ

അദ്ദേഹം മരണപ്പെട്ടു . ആ സമയത്ത് വേണു അമ്മയുടെ വയറ്റിൽ ജനിച്ചിരുന്നു. മാനസികമായി തളർന്ന ആ അമ്മ അവന് ജന്മം നൽകിയെങ്കിലും അവന്റെ ബാല്യകാലം അധികവും അപ്പുപ്പനോടും അമ്മൂമ്മയോടും ഒപ്പം ആയിരുന്നു. വേണുവിനെ അമ്മയുടെ രോഗം മാറാൻ വീണ്ടും ഒരു വിവാഹം എന്ന തീരുമാനത്തിൽ എത്തി.

വേണുവിനെ അമ്മയുടെ രണ്ടാം വിവാഹാനന്തരം വേണു പുതിയ വീട്ടിലേക്ക് പറിച്ചുനടപ്പെട്ടു.രണ്ടാം അച്ഛനെ വേണു ചിറ്റപ്പൻ എന്നാണ് വിളിച്ചിരുന്നത്.

കാലാന്തരത്തിൽ ചിറ്റപ്പനും അമ്മയ്ക്കും രണ്ടാമത് ഒരു കുട്ടി കൂടി ഉണ്ടായി .ചിറ്റപ്പന്റെ പണം ഉണ്ടെന്നുള്ള അഹങ്കാരവും , അമ്മയ്ക്ക് പുതിയ കുട്ടിയോടുള്ള സ്നേഹവും എല്ലാം കണ്ടപ്പോൾ വേണുവിന്റെ മനസ്സിൽ അവനെ ആരും സ്നേഹിക്കുന്നില്ല എന്ന തോന്നൽ ഉണ്ടാക്കി.

ഊട്ടിയിലെ ബോർഡിംഗ് സ്കൂളിൽ അവന്റെ ചിറ്റപ്പന്റെ ചെലവിൽ പഠിക്കുന്നത് അവന് ഇഷ്ടം ഇല്ലാതായി .വഴക്കിട്ട് അപ്പുപ്പന്റെ വീട്ടിലേക്ക് എത്തുന്ന അവനെ അവർ പഠിപ്പിക്കാൻ തീരുമാനിച്ചു.

എങ്കിലും ചിറ്റപ്പനോടും ചിറ്റപ്പനെ സ്നേഹിക്കുന്നവ രോടും ചിറ്റപ്പനോട് മിണ്ടുന്നരോടും എല്ലാം വേണുവിന്റെ മനസ്സിലുള ദേഷ്യം നാൾക്കു നാൾ കൂടിക്കൂടി വന്നു. ഇത് ഒരു മാനസിക രോഗമായി വളരുന്നതും അവസാനം അവൻ ആത്മഹത്യ ചെയ്യുന്നതുമാണ് കഥ.

ഓരോ മനുഷ്യനെയും മാനസിക വ്യവഹാരങ്ങളെ വളരെ കൃത്യതയോടെ എഴുതി പിടിപ്പിച്ചിരിക്കുന്നു . ആത്മഹത്യ ചെയ്യപ്പെട്ട വേണുവിനെ കുറിച്ച് വായനക്കാരന് ഒരു ദുഃഖവും ഉണ്ടാകുന്നില്ല .നശിക്കേണ്ടി യിരുന്ന് നശിച്ചു എന്നേ വായനക്കാരന് തോന്നുകയുള്ളൂ.കാരണം ഒരു ചുരുങ്ങിയ കാലംകൊണ്ട് അത്രയധികം ബുദ്ധിമുട്ടുകൾ ഒപ്പമുണ്ടായിരുന്നവർക്ക് നൽകിയിരുന്നു .
പക്ഷേ അവൻറെ ആ മാനസിക അവസ്ഥയ്ക്ക് കാരണം അവന്റെ പൈതൃകവും ജനനം മുതൽ അവൻ കണ്ടും കേട്ടും വളർന്ന സാഹചര്യവും എല്ലാം ആണ് എന്ന് അറിയുമ്പോൾ ചെറിയ ഒരു വിഷമം ഉണ്ടാകുകയും ചെയ്യുന്നുണ്ട് ഏതായാലും ആ കഥാപാത്രത്തെ നമ്മുടെ മനസ്സിൽ ഇടം പിടിക്കത്തക്ക രീതിയിൽ വരച്ചുകാട്ടാൻ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്

ഹരിതം ബുക്സ് ആണ് പബ്ലിക്കേഷൻ
പേജ് 226 വില 280